**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6429** **10-07-2024 - ൽ മറുപടിയ്ക്ക്**

**കെ.എസ്.എഫ്.ഡി.സി. ചെയർമാനെതിരെയുള്ള കേസുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സജീവ് ജോസഫ് | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കെ.എസ്.എഫ്.ഡി.സി. ചെയർമാനെതിരെ സംസ്ഥാന മനുഷ്യാവകാശ കമ്മീഷനിൽ കേസ് (കേസ് നമ്പർ 4682/11/12/2023) നിലവിലുണ്ടോ; പ്രസ്തുത കേസ് എന്തിനെ സംബന്ധിച്ചുള്ളതാണെന്ന് വ്യക്തമാക്കുമോ; | (എ) | ഉണ്ട്. കെ.എസ്.എഫ്.ഡി.സി.യിലെ നിലവിലെ ചെയർമാൻ, മുൻ മാനേജിംഗ് ഡയറക്ടർ എന്നിവർക്ക് എതിരെ കെ.എസ്.എഫ്.ഡി.സി.യിലെ പ്രൊഡക്ഷൻ അസിസ്റ്റന്റ് ശ്രീമതി ആശാപ്രഭ പി. നൽകിയ പരാതിയാണ് പ്രസ്തുത കേസ്. പരാതിക്കാരിക്കെതിരെ കെ.എസ്.എഫ്.ഡി.സി. സ്വീകരിച്ച അച്ചടക്ക നടപടികൾ സംബന്ധിച്ചുള്ളതാണ് ടി പരാതി. |
| (ബി) | കെ.എസ്.എഫ്.ഡി.സി. ചെയർമാനെതിരെ വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ഏതെങ്കിലും തരത്തിലുള്ള കേസെടുത്തിട്ടുണ്ടോ; എങ്കിൽ ഏത് കേസാണെന്നും ഇതിനെ തുടർന്ന് ഇദ്ദേഹത്തിനെതിരെ എന്തൊക്കെ നടപടികൾ വകുപ്പ് സ്വീകരിച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ? | (ബി) | നിലവിലെ കെ.എസ്.എഫ്.ഡി.സി. ചെയർമാനെതിരെ വിജിലൻസ് കേസുകൾ ഒന്നും നിലവിലില്ല. |

സെക്ഷൻ ഓഫീസർ